# ജീവിതകഥ

എം. എൻ. കാരശ്ശേരി



ജീവിതകഥ

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Vulture and Its Prey, a painting by Robert Seldon Duncanson (1821–1872). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ജീവിതകഥ

അക്കാലത്ത് കേരളം മൂന്നായി മുറിഞ്ഞുകിടക്കുകയാണ്. തെക്ക് തിരുവിതാംകൂർ, വടക്ക് മലബാർ, നടുക്ക് കൊച്ചി. തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജ്യങ്ങളാണ്—അതായത് രാജഭരണം. മലബാർ 1792 മുതൽ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമാണ്—1800 മുതൽ അവരുടെ മദിരാശി പ്രവിശ്യയിലെ ഒരു ജില്ലയാണ് മലബാർ.

തിരുവിതാംകൂർ രാജ്യത്തെ 'പ്രജ'യായിട്ടാണ് ബഷീർ ജനിക്കുന്നത്. ഇന്നത്തെ കോട്ടയം ജില്ലയിൽപെട്ട വൈക്കത്തിന് സമീപം തലയോലപ്പറമ്പിൽ. ബഷീറിന്റെ ജന്മദിനം കൃത്യമായി എവിടെയും രേഖപ്പെടുത്തി വെച്ചിട്ടില്ല. സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ട് പഠനം പാതിവഴിക്ക് നിലച്ചതിനാൽ അത്തരം രേഖകൾ ഒന്നും ലഭ്യമല്ല. അദ്ദേഹം പഠിച്ചിരുന്ന സ്കൂളുകൾ എത്രയോ കൊല്ലം മുമ്പ് നിന്നുപോയി. ജന്മദിനം 1908 ജനുവരി 21 ആണ്. ഈ കണക്ക് എങ്ങിനെ കിട്ടി എന്നാണെങ്കിൽ: അയൽക്കാരനും സഹപാഠിയുമായ മാത്തൻകുഞ്ഞിനെ പെറ്റതിന്റെ ഒരു ദിവസം മുമ്പോ പിമ്പോ ആണ് തന്നെപ്പെറ്റത് എന്ന് ഉമ്മ പറഞ്ഞുകേട്ടതായി ബഷീർ രേഖപ്പെടുത്തിയിട്ടുണ്ട്. മാത്തൻകുഞ്ഞിന്റെ ജാതകം കണ്ടു കിട്ടി എന്നും അതിൽ ജനനത്തിയ്യതി 1908 ജനുവരി 20 (1083 മകരം 7 തിങ്കൾ) ആണെന്നും ബഷീർ 'ഓർമ്മയുടെ അറകളി'ലെ 'അച്ഛൻ വീഴുമ്പോൾ' എന്ന അധ്യായത്തിന്റെ അടിക്കുറിപ്പിൽ പറയുന്നു. (സമ്പൂർണ്ണ കൃതികൾ—വാല്യം 2, 1992: പു. 1480) തന്റെ ജന്മദിനം മകരം 8 ആണ് എന്ന് പറഞ്ഞുകൊണ്ടാണ് ബഷീറിന്റെ 'ജന്മദിനം' എന്ന ചെറുകഥ ആരംഭിക്കുന്നത്. അപ്പോൾ മാത്തൻ കുഞ്ഞിനെ പെറ്റതിന്റെ പിറ്റേന്നാണ് ബഷീറിനെ പെറ്റത് എന്ന് കിട്ടും. അങ്ങനെയാണ് ജന്മദിനം 1908 ജനുവരി 21 (1083 മകരം 8) ചൊവ്വാഴ്ചയാണെന്ന് കണക്കാക്കിയത്.

പിതാവിന്റെ മരക്കച്ചവടം വഴി ഭേദപ്പെട്ട സാമ്പത്തികസ്ഥിതി ഉള്ളകാലത്താണ് ബഷീറിന്റെയും സഹോദരങ്ങളുടെയും പിറവി. വീട്ടിലെ മൂത്തകുട്ടിയാണ് ബഷീർ. പരിഷ്കാരിയും പുരോഗമനാശയക്കാരനും ആയിരുന്ന പിതാവ് പെൺകുട്ടികളെ എഴുത്ത് പഠിപ്പിക്കുകയും ആൺകുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുകയും ചെയ്തു. എത്രയോ കാലം കേരളീയ മുസ്ലീംകൾ ഇംഗ്ലീഷിനെ 'ഇബ്‌ലീസിന്റെ ഭാഷ' എന്നും 'നരകത്തിലെ ഭാഷ' എന്നും വിളിച്ച് അധിക്ഷേപിച്ചിരുന്നു. അതുകൊണ്ട് ഇംഗ്ലീഷ് പഠനം നിഷിദ്ധം (ഹറാം) ആയിരുന്നു. ബ്രിട്ടീഷ് വിരോധം കൊണ്ട് ഉണ്ടായിത്തീർന്ന സാഹചര്യമാണിത്. അതുപോലെത്തന്നെ പെൺകുട്ടികൾ എഴുത്ത് പഠിക്കുന്നത് വലിയ ധാർമ്മികഭ്രംശമായും അന്ന് കണക്കാക്കപ്പെട്ടിരുന്നു. ഈ പരിതഃസ്ഥിതി കണക്കിലെടുക്കുമ്പോൾ ആ പിതാവ് ചെയ്തത് വലിയ കാര്യമാണ് എന്ന് മനസ്സിലാവും.

എട്ടാം വയസ്സിലാണ് ബഷീറിനെ സ്കൂളിൽ ചേർക്കുന്നത്. തലയോലപ്പറമ്പ് എൽ. പി. സ്കൂളിൽ. പിന്നെ വൈക്കം ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നു. അവിടെ ഫിഫ്ത്ത് ഫോമിൽ പഠിക്കുമ്പോഴാണ് വൈക്കം സത്യാഗ്രഹം. ഗാന്ധിജിയുടെ ആശയാദർശങ്ങളിൽ ആകൃഷ്ടനായി ഖദർ ധരിച്ച് നടക്കുന്നതിനും എന്നും സത്യാഗ്രഹപന്തലിൽ ചെന്നിരിക്കുന്നതിനും യാഥാസ്ഥിതികനും രാജഭക്തനുമായ ഹെഡ്മാസ്റ്റർ ആ വിദ്യാർത്ഥിയെ ശാസിക്കുന്നുണ്ട്; അടിക്കുന്നുണ്ട്; ഇനിയും ആ പന്തലിൽ പോയാൽ നിന്നെ സ്കൂളിൽ നിന്ന് പുറത്താക്കും എന്ന് താക്കീത് ചെയ്യുന്നുണ്ട്: ബഷീർ പിറ്റേന്നും പോയി എന്ന് 'അമ്മ' എന്ന കഥയിൽ കാണാം. എന്നിട്ട് എന്ത് ഉണ്ടായി എന്നതിന്റെ വിവരണം വർഷങ്ങൾ കഴിഞ്ഞെഴുതിയ (1938) ആ കഥയിൽ ഇല്ല.

ബഷീറിന്റെ അനുജൻ അബൂബക്കർ അന്ന് ഇക്കാക്കയെ സ്കൂളിൽ നിന്ന് പുറത്താക്കി എന്നും ഏറെ വൈകാതെ വീട് ഉപേക്ഷിച്ചുപോയി എന്നും സാക്ഷ്യപ്പെടുത്തുന്നു. പതിനെട്ടാം വയസ്സിൽ ഇക്കാക്ക വീടുവിട്ടുപോയി എന്ന് കുട്ടിക്കാലത്തേ പറഞ്ഞുകേട്ടകാര്യം അബൂബക്കറിന് നല്ല ഓർമ്മയുണ്ട്: ബഷീർ വീട് വിട്ടത് 1926-ലാണ്.

1925-ൽ സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട കാലത്തേ ബഷീറിന്റെ അലച്ചിൽ ആരംഭിച്ചിരിക്കണം. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുന്നതിന് 1930-ൽ കോഴിക്കോട്ടെത്തുന്നതുവരെയുള്ള അഞ്ചുകൊല്ലക്കാലം ബഷീറിന്റെ ചരിത്രത്തിൽ എവിടെയും കാണാനില്ല. ഈ കാലത്ത് എന്തു ചെയ്തിരിക്കാം?

ഒരു സ്വകാര്യസംഭാഷണത്തിൽ ബഷീർ എന്നോടു പറഞ്ഞ ഒരു ദുഃഖകഥ ഇവിടെ ചേർത്തുവെച്ച് വായിക്കേണ്ടതുണ്ട്: അമ്മാവന്റെ മകളും സുന്ദരിയുമായ ആ പെൺകിടാവിനോട് ബഷീറിന് വളരെ ഇഷ്ടം തോന്നിയിരുന്നു. അവരുടെ പരിചയവും ബന്ധവും ഗാഢമായ പ്രണയബന്ധമായി മൂപ്പെത്തും മുമ്പേ അവൾക്ക് ചില ആലോചനകൾ വന്നു. ഈ സമയത്ത് ബഷീറിന്റെ താല്പര്യപ്രകാരം ഉമ്മ ചെന്ന് പെണ്ണ് ചോദിച്ചു. താരതമ്യേന കൂടിയ സാമ്പത്തികസ്ഥിതി ഉണ്ടായിരുന്ന ആ വീട്ടുകാർ അതനുവദിച്ചില്ല. ഒട്ടുംവൈകാതെ ഒരു സമ്പന്നഗൃഹത്തിലെ യുവാവിന് അവളെ നിക്കാഹ് ചെയ്ത് കൊടുക്കുകയും ചെയ്തു. ബഷീർ ജീവിതത്തിൽ ആദ്യമായി ഒരു ആഘാതം നേരിടുകയായിരുന്നു—വേദനയും അപമാനവും ഉൾച്ചേർന്ന അനുഭവം; നാടുംവീടും ഒരുപോലെ കയ്ച്ചുപോകുന്ന ദുരനുഭവം. വീട് വിടാനുള്ള പ്രധാന പ്രേരണ ഈ വ്യസനമാവാം.


എ. ജെ. ജോൺ

ഇത്തരം വൈകാരികവിക്ഷോഭങ്ങളിൽ ആണ്ട് നിരാശയുടെ ഗുഹകളിലേക്ക് പിൻവാങ്ങുന്ന തരമല്ല ബഷീർ. സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള ആ മനസ്സിന്റെ പിടച്ചിൽ നേരത്തേ വെളിപ്പെട്ടതാണ്. പിൽക്കാലത്ത് കോൺഗ്രസ്സ് നേതാവ് എന്ന നിലയിൽ പ്രശസ്തനായിത്തീർന്ന എ. ജെ. ജോൺ (1893–1957), എസ്. എൻ. ഡി. പി. നേതാവ് എന്ന നിലയിൽ പ്രശസ്തനായിത്തീർന്ന കെ. ആർ. നാരായണൻ (1902–1972) (മുൻരാഷ്ട്രപതിയല്ല) എന്നിവർ ബഷീറിന്റെ നാട്ടുകാരും സമകാലികരുമാണ്. നാരായണൻ തൊട്ടവീട്ടുകാരനാണ്. ഇവരുടെ പ്രവർത്തനമേഖലയുടെ കേന്ദ്രമായ വൈക്കത്ത് തന്നെയാണ് ബഷീറും ഉള്ളത്. സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ടവനും പ്രണയനൈരാശ്യം നേരിട്ടവനും പണിയില്ലാത്തവനും രാഷ്ട്രീയപ്രബുദ്ധതയുള്ളവനുമായ ആ യുവാവ് അവരുടെ പ്രവർത്തനങ്ങളോട് സഹകരിച്ചിരിക്കാം.


കെ. ആർ. നാരായണൻ

മേല്പറഞ്ഞ പ്രണയകഥ തീർത്തും വേഷം മാറിയാണ് ബഷീർസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടത്. എല്ലാ മനോഗുണങ്ങളും തികഞ്ഞ നിഷ്കളങ്കയായ ആ ആദ്യകാമുകിയാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു!' എന്ന നോവലിലെ നായിക കുഞ്ഞുപാത്തുമ്മ. ഈ 'പ്രണയകഥ'യെപ്പറ്റിയും പേരുമാറിയ കുഞ്ഞുപാത്തുമ്മയെപ്പറ്റിയും പിൽക്കാലത്ത് ഞാനന്വേഷിക്കയുണ്ടായി. അനുജൻ അബൂബക്കർ അത് സത്യമാണ് എന്ന് ഏറ്റുപറഞ്ഞു.

പഠനകാലത്ത് അയൽപക്കത്തെ അടയ്ക്കാ കച്ചവടക്കാരന്റെ മകളെ ബഷീർ പ്രേമിച്ചു എന്നും നാടുവിട്ടുപോയ സന്ദർഭത്തിൽ അവളെ വേറെ കല്യാണം കഴിച്ചു പോയി എന്നും ആ കഥയാണ് 'ബാല്യകാലസഖി' എന്നും പരക്കെ ഒരു ധാരണയുണ്ട്. അതിലെ നായകൻ മജീദിന്റെ ജീവിതസാഹചര്യത്തിൽ ഏറിയ പങ്കും ബഷീറിന്റേതാണ് എന്നതാണ് ഒരു കാരണം. ബഷീർ ആവർത്തിക്കാറുള്ള വാക്യം: 'ആ മജീദാണ് ഞാൻ.' അയൽപക്കത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു എന്നും അവർ തമ്മിൽ പ്രണയബന്ധം ഉണ്ടായിരുന്നതായി കുടുംബക്കാർക്ക് അറിഞ്ഞുകൂടാ എന്നും അനുജന്മാരായ ഹനീഫയും അബൂബക്കറും പറയുകയുണ്ടായി.


ഭഗത്സിംഗ്

വീട് വിട്ട ബഷീർ 1930-ൽ മടങ്ങിയെത്തി. അക്കൊല്ലം തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നതിന് കോഴിക്കോട്ടേക്ക് പോയി. ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. കോഴിക്കോട് സബ് ജയിലിൽ തടവുകാരനായി. പിന്നീട് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. ഗാന്ധി–ഇർവിൻ സന്ധി അനുസരിച്ച് കാലാവധി തീരും മുമ്പ് വിട്ടയച്ചു (1931). അക്കൊല്ലം തലയോലപ്പറമ്പിൽ മടങ്ങിയെത്തി. ഉടനെത്തന്നെ കൊച്ചിയിലേക്കു പോയി. ആ കാലമാവുമ്പോഴേക്ക് ഗാന്ധിജിയുടെ മാർഗത്തിൽ വിശ്വാസം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ഭഗത്സിംഗിന്റെ ആരാധകനായ ഭീകരപ്രവർത്തകനായിട്ടാണ് 1931–32 കാലത്ത് കൊച്ചിയിൽ ബഷീറിനെ കാണുന്നത്. സ്വതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി പോരാടുന്നവരെ രക്ഷിക്കുകയും അതിനെ എതിർക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. ഭീകര പ്രവർത്തനത്തിന്റെ പേരിലുള്ള അറസ്റ്റ് ഒഴിവാക്കാൻ 1932-ൽ നാടുവിട്ടു. ഈ കാലത്ത് ചെയ്യാത്ത ജോലികൾ ഒന്നും തന്നെയില്ല: ഹോട്ടൽപണിക്കാരൻ, പ്രൂഫ്റീഡർ, മരുന്നരവുകാരൻ, ലൂംഫിറ്റർ, മാന്ത്രികന്റെ അസിസ്റ്റന്റ്, കൈനോട്ടക്കാരൻ, സെയിൽസ് ഏജന്റ്, ട്യൂഷൻമാസ്റ്റർ, മറ്റും മറ്റും. ഒരിടക്ക് കപ്പലിലെ ഖലാസിയായിരുന്നു.

ജീവിതത്തിന്റെ പൊരുൾതേടി അലയുന്ന സുദീർഘപ്രയാണമായി ആ യാത്ര രൂപാന്തരപ്പെട്ടു. അക്കാലത്ത് ഹിന്ദുയോഗികളുടെ കൂടെ അവരിൽ ഒരുത്തനായും മുസ്ലിം സൂഫികളുടെ കൂട്ടത്തിൽ അവരിൽ ഒരുത്തനായും കാശിയിലും ഹിമാലയസാനുക്കളിലും അജ്മീറിലും മറ്റും കഴിഞ്ഞുകൂടിയ കഥ അദ്ദേഹം പലപ്പോഴും അനുസ്മരിച്ചിട്ടുണ്ട്. 1936-ൽ മടങ്ങിയെത്തി. പിന്നീട് 1942 വരെ എറണാകുളത്താണ്. ഇക്കാലത്താണ് പ്രധാനപ്പെട്ട രാഷ്ട്രീയലേഖനങ്ങളുടെ രചന. അന്നത്തെ പ്രധാനപ്പെട്ട ജോലി എഴുത്തും പത്രപ്രവർത്തനവുമാണ്.

രാഷ്ട്രീയലേഖനങ്ങളുടെ പേരിൽ കോട്ടയത്ത് വെച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. കോട്ടയം ലോക്കപ്പിൽ നിന്ന് കൊല്ലം കസബാ ലോക്കപ്പിലേക്ക് മാറ്റി. 1942–43 കാലത്ത് തിരുവനന്തപുരം സെൻട്രൽ ജയിലിൽ.

1945–46 കാലത്ത് തൃശ്ശൂരിലുണ്ട്. 'മംഗളോദയ'വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇക്കാലത്താണ്. ഇതിനിടയിലാണ് 'ദേവി'യുമായുള്ള പ്രണയബന്ധം. ഇതിന്റെ 'ചരിത്ര'മാണ് 'അനുരാഗത്തിന്റെ ദിനങ്ങൾ'. 1947–48 കാലത്ത് മദിരാശിയിലാണ്—'ജയകേരള'ത്തിൽ ചോദ്യോത്തരപംക്തി കൈകാര്യം ചെയ്യുന്നു.

1948-ൽ എറണാകുളത്ത് മടങ്ങിയെത്തിയ ബഷീർ പുസ്തകങ്ങൾ കൊണ്ടുനടന്ന് വില്ക്കുന്ന പണിയെടുത്തു. പിന്നെ എറണാകുളത്ത് സർക്കിൾ ബുക്ഹൗസ് തുടങ്ങി. 1950–51 കാലത്ത് അതേ നഗരത്തിൽ 'ബഷീർസ് ബുക്ക്സ്റ്റാൾ' നടത്തുകയായിരുന്നു. 1952-ൽ പിന്നേയും മദിരാശിക്ക് പോയി. അക്കൊല്ലംതന്നെ തിരിച്ചെത്തിയ ബഷീർ 1958-ൽ 'ബഷീർസ് ബുക്ക്സ്റ്റാൾ' എൻ. ബി. എസ്സിന് കൈമാറുന്നതുവരെ എറണാകുളത്തുണ്ട്. ഇതിനിടയിലാണ് ഭ്രാന്ത് വന്ന് വല്ലപ്പുഴ ആയുർവേദ ആശുപത്രിയിൽ ചികിത്സയിലാകുന്നത്.

1958-ൽ കോഴിക്കോട്ടുകാരി ഫാത്തിമാബിയെ കല്യാണം കഴിച്ചു. തലയോലപ്പറമ്പിൽ മടങ്ങിയെത്തി. അവിടെ സ്വന്തമായി ഒരു വീട് പണിത് പൊറുതി ആരംഭിച്ച ബഷീർ കുറച്ചു കഴിഞ്ഞ് കോഴിക്കോട്ടേക്ക് മാറി. വീണ്ടും ഭ്രാന്ത് വന്നു. അമിതമദ്യപാനം കൊണ്ടാണ് രോഗം വന്നത് എന്ന തീർപ്പിൽ മദ്യപാനം നിർത്തി.

കോഴിക്കോട് നഗരത്തിന് സമീപം ബേപ്പൂരിൽ താമസമാക്കിയതോടെ ചരരാശിയിൽനിന്ന് സ്ഥിരരാശിയിലേക്ക് വഴിതിരിഞ്ഞ ബഷീർ പൊതുപ്രവർത്തനത്തിന്റെ അസ്വസ്ഥതകളിൽ നിന്ന് കുടുംബജീവിതത്തിന്റെ സ്വാസ്ഥ്യങ്ങളിലേക്ക്, അർത്ഥാന്വേഷണത്തിന്റെ തീച്ചൂളകളിൽ നിന്ന് വിശ്രമത്തിന്റെ ചാരുകസാലയിലേക്ക്, തെരുവിന്റെ വേവിൽനിന്ന് മാങ്കോസ്റ്റിന്റെ കുളിർപ്പിലേക്ക് മടങ്ങുകയായിരുന്നു.

മൂന്നുപതിറ്റാണ്ടുകാലം പിന്നെ അദ്ദേഹം ജീവിക്കുന്നത് ഭൂതകാലത്തിലാണ്, ഓർമ്മകളിലാണ്.

ഇക്കാലത്താണ് ത്യാഗം നിറഞ്ഞ രാഷ്ട്രീയപ്രവർത്തനത്തിന്റെയും മൗലികത മുറ്റിയ സാഹിത്യരചനയുടെയും പേരിൽ ബഹുമതികൾ തേടിയെത്തുന്നത്; രചനകളിൽ പ്രധാനപ്പെട്ട പലതും ഇന്ത്യൻ ഭാഷകളിലേക്കും ഇംഗ്ലീഷ് അടക്കമുള്ള വിദേശ ഭാഷകളിലേയ്ക്കും പരിഭാഷാരൂപത്തിൽ കടന്നുചെല്ലുന്നതും.

സമരങ്ങളാൽ പ്രദീപ്തവും സർഗ്ഗശേഷിയാൽ ധന്യവും ആയ ആ ജീവിതപ്രയാണം 1994-ൽ കോഴിക്കോട്ട് അവസാനിച്ചു.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.